## സോഷ്യൽ ടൂറിസം

229 (2439) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. ഡി.സതീശൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സോഷ്യൽ ടൂറിസം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) അന്യംനിന്നുപോകുന്നതും അവഗണിക്കപ്പെടുന്നതുമായ കലാരൂപങ്ങൾ സംരക്ഷിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ;

(സി) ആരൊക്കെയാണ് പദ്ധതി നടത്തിപ്പുമായി സഹകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിലെ സായ് ഗ്രാമത്തിൽ സോഷ്യൽ ടൂറിസം പദ്ധതി നടപ്പിക്കുവാൻ 1,68,00,000 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അന്യം നിന്നുപോകുന്ന തനത് കലാരൂപങ്ങളെ സംരക്ഷിക്കുന്നതിനായി കലാകാരൻമാർക്കുള്ള താമസസൗകര്യം, കലാരൂപങ്ങൾ അവതരിപ്പിക്കുവാനുള്ള ആംഫിതിയേറ്റർ എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. കിറ്റ്കോ മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത്. നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്.

(ബി&സി) സായ് ഗ്രാമത്തിൽ നടപ്പിലാക്കാൻ ഭരണാനുമതി നൽകിയിട്ടുള്ള സോഷ്യൽ ടൂറിസം പദ്ധതിയിൽ തനത് കലാരൂപങ്ങളെ സംരക്ഷിക്കുന്നതിനായി കലാകാരൻമാർക്കുള്ള താമസസൗകര്യം, കലാരൂപങ്ങൾ അവതരിപ്പിക്കുവാനുള്ള ആംഫിതിയേറ്റർ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. അന്യം നിന്നുപോകുന്നതും അവഗണിക്കപ്പെടുന്നതുമായ തനത കലാരൂപങ്ങളുടെ സംരക്ഷണാർത്ഥം അതത് ഡി.റ്റി.പി.സി. കളുടെ മേൽനോട്ടത്തിൽ വിനോദസഞ്ചാര വകുപ്പ് എല്ലാ ജില്ലകളിലും 'ഉത്സവം' എന്ന പേരിൽ ഒരു പ്രോഗ്രാം സംഘടിപ്പിച്ചു വരുന്നു. കേരള ഫോക്ലോർ അക്കാഡമിയുമായി സഹകരിച്ചാണ് 'ഉത്സവം' പരിപാടിയിലേയ്ക്ക് കലാരൂപങ്ങളെയും കലാകാരൻന്മാരെയും തെരഞ്ഞെടുക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly